ചുണ്ടിലെ ബീഡിക്കുറ്റി ആഞ്ഞു വലിച്ചാലും, തീ തുണച്ചില്ലെങ്കിൽ, തുണച്ചില്ലെങ്കിൽ മാത്രം ....
നീട്ടിയൊരു വിളിയുണ്ട്, പറമ്പിന്റെ ഏതേലും മൂലയിൽ നിന്ന്!
എരിഞ്ഞു തീരാൻ വെമ്പി ഒരു ചവറു കൂനയുമുണ്ടാകും മുന്നിൽ, തലേന്ന് കിണഞ്ഞു ശ്രമിച്ചിട്ടും എരിഞ്ഞു തീരാത്തതിന്റെ ദൈന്യതയും കരുവാളിപ്പും വ്യക്തമാണതിന്റെ മുഖത്ത്,
അതൊരിക്കലും മറച്ചു വെക്കാൻ ശ്രമിക്കാറുമില്ലയാ ചവറു കൂന!
അന്നേ പിന്നെ ഈ, ഏകാന്തതയുടെ 'അസ്കിത'യുള്ള ഞാൻ കേട്ടില്ലെങ്കിലും, കത്തി തീരാത്ത ചവറു കൂനയോടു ഐക്യദാർഢ്യം പ്രകടിപ്പിച്ചിട്ടെന്നവണ്ണം, മേലാസകലം കരി പുരണ്ട, ഉമ്മയും വല്യുമ്മയും അടുക്കളയിൽ പക്ഷെ ആ വിളി കേൾക്കും.
ദിവാസ്വപ്നത്തിലിരിക്കുന്ന എന്നെ തട്ടിയുണർത്തി, അടുപ്പിലെരിയുന്ന ഒരു വിറകു കൊള്ളിയെടുത്ത് കയ്യിൽ തരും ഉമ്മ!!
എരിയുന്ന വിറകു കൊള്ളിയുമായി ഒറ്റയോട്ടമാണ് ഉമ്മ ചൂണ്ടിയ ദിക്കിലേക്ക്!!
അടുത്ത വിളിക്ക് മുന്നെ ലക്ഷ്യത്തിൽ എത്തിയില്ലെങ്കിൽ, പിന്നെ അന്നത്തെ കാര്യം സ്വാഹ!!



എരിയുന്ന കൊള്ളിയിൽ നിന്നാദ്യം, കെട്ടു പോയ ബീഡിക്ക് ജീവൻ നൽകും, ആഞ്ഞൊരു പുകയെടുത്ത് അലസമായൂതും, എരിയുന്ന കൊള്ളി പിന്നെ, കരച്ചിലിന്റെ വക്കോളമെത്തിയ ചവറു കൂനയുടെ ശരീരത്തിനുള്ളിലേക്ക് നിഷ്ക്കരുണം നിക്ഷേപിക്കും!!
അതോടെ അതു വരെ വെറുതെ പുകയുകയായിരുന്ന ചവറു കൂന ആരോടെന്നില്ലാത്ത ദേഷ്യത്തിൽ ആളിയാളി കത്തും!!
ഉയർന്നു പൊങ്ങുന്ന തീ നാമ്പുകൾ അന്നെന്റെയുള്ളിൽ ചെറുതല്ലാത്ത ഭയം വിതച്ചിരുന്നു!
എന്നെ ഞാനാക്കിയതിൽ ആ തീ നാമ്പുകൾക്കുള്ള പങ്ക് നിഷേധിക്കാവതല്ല!!!
പ്രവാസമാവസാനിപ്പിച്ചു സ്വമേധയാ വിരമിക്കലും വാങ്ങിയിരിക്കുമ്പോ എങ്ങനെ കൂട്ടി മുട്ടിക്കാനാണ് രണ്ടറ്റം!
അന്ന് സ്കൂളിലും കോളേജിലും പോകാൻ രണ്ടും അഞ്ചും രൂപയൊക്കെ പലപ്പോഴും കടം വാങ്ങിയാണ് തന്നതെനിക്ക്!
ഞാൻ ചോദിക്കാറില്ലെങ്കിലും, എന്റെ പലയാവവശ്യങ്ങളും നിവർത്തിച്ചു തരാൻ കഴിയാത്ത നിസ്സഹായതയിൽ ആ കണ്ണുകൾ ഈറനണിഞ്ഞിട്ടുണ്ട് പല വട്ടം!

നിലപാടുകളിൽ വെള്ളം ചേർക്കാൻ ഒരു സാഹചര്യത്തിലും തയ്യാറാവാതെ സ്വയം ജീവിക്കാൻ മറന്നു പോയ മനുഷ്യൻ!!
നിലപാടുകളുടെ പേരിൽ എന്നോടടക്കം വർഷങ്ങളോളം കലഹിച്ചപ്പോഴും, തന്റെ ചുറ്റിലുമുള്ള മനുഷ്യരെ ചേർത്ത് പിടിക്കുന്നതിൽ പിശുക്ക് കാണിച്ചില്ലശേഷം, വിട വാങ്ങിയിട്ടിത് അഞ്ചാം വർഷം.